**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5932** **04.07.2019-ൽ** മറുപടിക്ക്

## നന്തി ടോൾ ബൂത്തുമായി ബന്ധപ്പെട്ട വിവരങ്ങൾ

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. കെ.ദാസൻ** | **ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കോഴിക്കോട് ജില്ലയിലെ ദേശീയപാതയിലെ നന്തി ടോൾ ബൂത്തിൽ നിന്നും പണം പിരിയ്ക്കുവാൻ എത്ര വർഷത്തേക്കാണ് അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ; | (എ) നന്തി ടോൾ ബൂത്തിൽ നിന്നും 12.04.2005 മുതൽ 15 വർഷത്തേക്കാണ് ടോൾ പിരിക്കാനുള്ള അനുമതി നൽകിയിട്ടുള്ളത്. |
| (ബി) ഏതെല്ലാം മേൽപ്പാലങ്ങളുടെ ടോളാണ് നന്തി ടോൾ ബൂത്തിൽ നിന്നും പിരിച്ചെടുക്കുന്നത്; | (ബി) കൊയിലാണ്ടി മേൽപ്പാലത്തിന്റെയും നന്തി മേൽപ്പാലത്തിന്റെയും ടോൾ ഒരുമിച്ചാണ് പിരിക്കുന്നത്. |
| (സി) ഏത് തീയതി മുതൽ ഏത് തീയതി വരെയുള്ള ടോൾ പിരിക്കുവാനാണ് നിലവിൽ അനുമതി നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) 01.07.2018 മുതൽ 01.07.2019 വരെയാണ് നിലവിൽ ടോൾ പിരിക്കുന്നതിന് അനുമതി നൽകിയിരിക്കുന്നത്. |
| (ഡി) ടോൾ പിരിയ്ക്കുവാൻ എത്ര തുകയ്ക്കാണ് കരാർ ഉറപ്പിച്ചിരിക്കുന്നതെന്നും ഓരോ വർഷമാണോ കരാർ പുതുക്കുന്നതെന്നും വ്യക്തമാക്കുമോ; പ്രസ്തുത കരാർ ഉറപ്പിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വിശദമാക്കാമോ? | (ഡി) ഓരോ വർഷവും ടെണ്ടർ ക്ഷണിച്ചാണ് കരാർ പുതുക്കുന്നത്. 01.07.2018 മുതൽ 01.07.2019 വരെയുള്ള കരാർ തുക 2,33,10,000/- രൂപയാണ്. മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കുകയും ലഭിക്കുന്ന ടെണ്ടറുകളിൽ ഏറ്റവും ഉയർന്ന തുക അംഗീകരിച്ച് നൽകുകയുമാണ് ചെയ്തുവരുന്നത്. |

സെക്ഷൻ ഓഫീസർ